പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 258 — 28.06.2016 -ൽ മറുപടിക്ക്.

# വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. പി. തിലോത്തമൻ (ബഹു.ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും അളവുതൂക്കവും വകുപ്പ് മന്ത്രി)** |
| (എ) വിലക്കയറ്റം തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിയ്ക്കുവാൻ പോകുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (എ) വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി ആയത് പരിഹരിച്ച് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുവാൻ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം സിവിൽ സപ്ലൈസ് കമ്മീഷണർ വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പ് നല്കുകയും ചെയ്തു. അവശ്യസാധനങ്ങളുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പു വരുത്തുന്നതിനും ധാരണയായി. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, അന്യായവില എന്നിവ തടയുന്നതിന് ശക്തമായ പരിശോധനയും റെയ്ഡുകളും വകുപ്പു തലത്തിൽ സ്വീകരിച്ചു വരുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ ഫലപ്രദമായി തടയുന്നതിന് വകുപ്പിലെ നിലവിലുള്ള പരിശോധനാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ 01.06.2016 മുതൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ ജില്ലകളിൽ ദൈനംദിന റെയ്ഡും നടത്താറുണ്ട്. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിൽ നല്കുകയും അവിടെ നിന്നും ഈ വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ |

വെബ് സൈറ്റിൽ ചേർക്കുകയും ചെയ്യുന്നു. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. 2016 ജനുവരി മുതൽ മെയ് വരെ സംസ്ഥാനത്തുടനീളം 20,199 പൊതുവിതരണ കേന്ദ്രങ്ങളും, 2,114 ഓപ്പൺ മാർക്കറ്റ് കടകളും പരിശോധനയ്ക്ക് വിധേയമാക്കി. ആയത് പ്രകാരം നിയമ ലംഘനം നടത്തിയവർക്ക് എതിരെ നോട്ടീസ് നല്കി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ വിപണിയിടപെടൽ സപ്ലൈകോ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. ഇതനുസരിച്ച് 13 ഇനം അവശ്യസാധനങ്ങൾ 20% മുതൽ 62% വരെ സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചു വരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ സ്ഥലങ്ങളിൽ(90) ഈ വർഷം റംസാൻ ചന്തകൾ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ